# ഏകവ്രതയായി പവിത്രതയുടെ ധാരണയിലൂടെ ആത്മീയതയിൽ കഴിഞ്ഞ് മനസാ സേവനം ചെയ്യൂ

ഇന്ന് ആത്മീയ അച്ഛൻ നാനാഭാഗത്തെയും ആത്മീയ കുട്ടികളുടെ ആത്മീയതയെ കണ്ടുകൊണ്ടിരിക്കുകയാണ്. ഓരോ കുട്ടികളിലും ആത്മീയതയുടെ തിളക്കം എത്രത്തോളം ഉണ്ട്? ആത്മീയത നയനങ്ങളിലൂടെ പ്രത്യക്ഷമാകുന്നു. ആത്മീയതയുടെ ശക്തിയുള്ള ആത്മാവ് സദാ നയനങ്ങളിലൂടെ മറ്റുള്ളവർക്കും ആത്മീയ ശക്തി നൽകുന്നു. ആത്മീയ പുഞ്ചിരി മറ്റുള്ളവർക്കും സന്തോഷത്തിന്റെ അനുഭൂതി ചെയ്യിക്കുന്നു അവരുടെ പെരുമാറ്റം, മുഖം മാലാഖമാരെ പോലെ ഡബിൾ ലൈറ്റായി കാണപ്പെടുന്നു. ഇങ്ങനെ ആത്മീയതയുടെ ആധാരമാണ് പവിത്രത. എത്രത്തോളം എത്രത്തോളം മനസ്സ് വാക്ക് കർമ്മത്തിൽ പവിത്രതയുണ്ട് അത്രയും തന്നെ ആത്മീയത കാണപ്പെടും. പവിത്രത ബ്രാഹ്മണ ജീവിതത്തിന്റെ അലങ്കാരമാണ്. പവിത്രത ബ്രാഹ്മണ ജീവിതത്തിന്റെ മര്യാദയാണ്. അപ്പോൾ ബാപ്ദാദ ഓരോ കുട്ടികളുടെയും പവിത്രതയുടെ ആധാരത്തിൽ ആത്മീയതയെ കാണുകയാണ്. ആത്മീയതയുള്ള ആത്മാവ് ഈ ലോകത്തിൽ കഴിഞ്ഞുകൊണ്ടും അലൗകിക മാലാഖയായി കാണപ്പെടും.

അപ്പോൾ അവനവനെ നോക്കൂ പരിശോധിക്കു നമ്മുടെ സങ്കല്പം,വാക്കിൽ ആത്മീയതയുണ്ടോ? ആത്മീയ സങ്കല്പം അവനവനിലും ശക്തിനിറയ്ക്കുന്നു, മറ്റുള്ളവർക്കും ശക്തി നൽകുന്നു. അതിനെ മറ്റ് വാക്കുകളിൽ പറയുന്നു ആത്മീയ സങ്കല്പം മനസാ സേവനത്തിന് നിമിത്തമാകുന്നു. ആത്മീയ സംസാരം സ്വയത്തിനും മറ്റുള്ളവർക്ക് സുഖത്തിന്റെ അനുഭവം ചെയ്യിക്കുന്നു. ശാന്തിയുടെ അനുഭവം ചെയ്യിക്കുന്നു. ഒരു ആത്മീയ വാക്ക് അന്യ ആത്മാക്കളുടെ ജീവിതത്തിൽ മുന്നോട്ടു ഉയരുവാനുള്ള ആധാരമായി മാറുന്നു . ആത്മീയ വാക്കുകൾ ഉച്ഛരിക്കുന്നവർ വരദാനി ആത്മാവായി മാറുന്നു. ആത്മീയ കർമ്മം സഹജമായി സ്വയത്തിനും കർമ്മയോഗി സ്ഥിതിയുടെ അനുഭവം ചെയ്യിക്കുന്നു മറ്റുള്ളവർക്കും കർമ്മയോഗി ആകുവാനുള്ള മാതൃകയായി മാറുന്നു. ആരെല്ലാം അവരുടെ സമ്പർക്കത്തിൽ വരുന്നുവോ അവർ സഹജയോഗി , കർമ്മയോഗി ജീവിതത്തിന്റെ അനുഭവിയായി മാറുന്നു. എന്നാൽ കേൾപ്പിച്ചു ആത്മീയതയുടെ ബീജമാണ് പവിത്രത. പവിത്രത സ്വപ്നം വരെയ്ക്കും ഭംഗപ്പെടരുത് അപ്പോൾ ആത്മീയത കാണപ്പെടും. പവിത്രത കേവലം ബ്രഹ്മചര്യം അല്ല എന്നാൽ ഓരോ വാക്കും ബ്രഹ്മാചാരി ആകണം, ഓരോ സങ്കൽപ്പവും ബ്രഹ്മാചാരിയാകണം, ഓരോ കർമ്മവും ബ്രഹ്മാചാരിയാകണം. ലൗകികത്തിൽ ഏതെങ്കിലും ഏതെങ്കിലും കുട്ടികളുടെ മുഖം അച്ഛനെപ്പോലെ ആണെങ്കിൽ പറയാറുണ്ട് ഇവരിൽ അച്ഛൻ കാണപ്പെടുന്നു. ഇങ്ങനെ ബ്രഹ്മാചാരി ബ്രാഹ്മണ ആത്മാവിന്റെ മുഖത്തിൽ ആത്മീയതയുടെ ആധാരത്തിൽ ബ്രഹ്മാബാബയ്ക്ക് സമാനമായി അനുഭവമാകുന്നു. സമ്പർക്കത്തിൽ വരുന്ന ആത്മാക്കൾ അനുഭവം ചെയ്യട്ടെ ഇവർ ബാപ്സമാനമാണ്. ശരി 100 ശതമാനം ഇല്ലെങ്കിലും സമയാനുസരണം എത്ര ശതമാനം കാണപ്പെടുന്നു? എവിടെ വരെ എത്തിയിട്ടുണ്ട്? 75 ശതമാനം, 80 ശതമാനം, 90 ശതമാനം, എവിടെ വരെ എത്തിയിട്ടുണ്ട്? മുന്നിലുള്ള വരി പറയൂ, നോക്കൂ ഇരിക്കുന്നത് താങ്കൾക്ക് മുന്നിലെ നമ്പർ ലഭിച്ചിട്ടുണ്ട്. അപ്പോൾ ബ്രഹ്മാചാരി ആകുന്നതിലും നമ്പർ മുമ്പിൽ ഉണ്ടാകില്ലേ! മുന്നിൽ ആകുമോ ഇല്ലയോ?

ബാപ്ദാദ ഓരോ കുട്ടികളുടെയും പവിത്രതയുടെ ആധാരത്തിൽ ആത്മീയത കാണുവാൻ ആഗ്രഹിക്കുന്നു. ബാപ്ദാദയുടെ അടുക്കാൻ എല്ലാവരുടെയും ചാർട്ട് ഉണ്ട്. പറയുന്നില്ല എന്നാൽ ചാർട്ട് ഉണ്ട്. എന്തെന്ത് ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു, എല്ലാം ബാപ്ദാദയുടെ അടുക്കൽ ചാർട്ട് ഉണ്ട്. പവിത്രതയിലും ഇപ്പോൾ ചില ചില കുട്ടികളുടെ ശതമാനം വളരെ കുറവാണ്. സമയത്തിനനുസരിച്ച് താങ്കൾ ആത്മാക്കളുടെ ആത്മീയതയുടെ മാതൃക കാണുവാൻ ആഗ്രഹിക്കുന്നു ഇതിനുള്ള സഹജ മാർഗ്ഗമാണ് കേവലം ഒരു വാക്ക് ശ്രദ്ധയിൽ വെക്കു. വീണ്ടും വീണ്ടും ആ ഒരു വാക്കിന് സ്വയം അടിവരയിടു, ആ ഒരു വാക്കാണ് ഏകവ്രത ഭവ. എവിടെയാണോ ഒന്നുള്ളത് അവിടെ ഏകാഗ്രത തന്നെ വരുന്നു. അചഞ്ചലവും ദൃഢവും സ്വതവേ തന്നെ ആകുന്നു. ഏകവ്രതയാകുന്നതിലൂടെ ഏക മതത്തിൽ പോവുക വളരെ സഹജമാകുന്നു. ഏകവ്രത തന്നെയാണ് എന്നതിനാൽ ഒരേയൊരു മതത്തിലൂടെ ഏകമതി സദ്ഗതി സഹജമായി ആയിത്തീരുന്നു. ഏകരസ സ്ഥിതി സ്വതവേ തന്നെ ഉണ്ടാകുന്നു. അപ്പോൾ പരിശോധിക്കു ഏകവ്രതയാണോ? മുഴുവൻ ദിവസത്തിൽ മനസ്സും ബുദ്ധിയും ഏകവ്രതയായിരിക്കുന്നുവോ? കണക്കിലും ആദി തുടങ്ങുന്നത് ഒന്നിൽ നിന്നുമാണ്. ഒരു ബിന്ദു, ഒരു മാർക്ക് ഇട്ടു കൊണ്ട് പോകു. ഒരു ബിന്ദുവിട്ടുകൊണ്ട് പോകു അപ്പോൾ എത്ര വർദ്ധിച്ചുകൊണ്ടിരിക്കും! അപ്പോൾ ഒന്നും തന്നെ ഓർമ്മയിൽ വരികയില്ല ഒരു വാക്ക് ഓർമ്മ വരുമല്ലോ! സമയം ആത്മാക്കളേ താങ്കൾ ഏകവ്രത ആത്മാക്കളെ വിളിക്കുകയാണ്. അപ്പോൾ സമ

യത്തിന്റെ വിളി, ആത്മാക്കളുടെ വിളി, ഹേ ദേവാത്മാക്കളേ കേൾക്കുന്നില്ലേ? പ്രകൃതിയും താങ്കൾ പ്രകൃതിപതിയെ നോക്കി നോക്കി വിളിച്ചു കൊണ്ടിരിക്കുകയാണ് ഹേ പ്രകൃതിപതി ആത്മാക്കളേ ഇപ്പോൾ പരിവർത്തനപ്പെടൂ. ഇടയ്ക്കിടെ ചെറിയ ചെറിയ ഞെട്ടൽ ഉണ്ടാക്കുന്നു. പാവം ആത്മാക്കളെ വീണ്ടും വീണ്ടും ദു:ഖത്തിന്റെ ഭയത്തിന്റെ ഞെട്ടലിൽ കളിപ്പിക്കാതിരിക്കൂ. താങ്കൾ മുക്തി ദാതാവായ ആത്മാക്കൾ മാസ്റ്റർ മുക്തിദാതാവ് എപ്പോൾ ഈ ആത്മാക്കൾക്ക് മുക്തി നൽകും? എന്താ മനസ്സിൽ ദയ ഉണ്ടാകുന്നില്ലേ? അതോ വാർത്തകൾ കേട്ടുകൊണ്ട് നിശബ്ദരാവുകയാണോ? ശരി, കഴിഞ്ഞു, കേട്ടു തീർന്നു, അതിനാൽ ബാപ്ദാദ ഓരോ കുട്ടികളുടെയും ദയാസ്വരൂപം ഇപ്പോൾ കാണുവാൻ ആഗ്രഹിക്കുന്നു. തന്റെ പരിധിയുള്ള കാര്യങ്ങൾ ഇനി വിടൂ, ദയാലുവാകൂ. മനസ്സാ സേവനത്തിൽ മുഴുകൂ. സകാശ് നൽകൂ, ശാന്തി നൽകൂ, ആശ്രയം നൽകൂ. അഥവാ ദയാലുവായി മറ്റുള്ളവർക്ക് ആശ്രയം നൽകുന്നതിൽ മുഴുകിയിരിക്കുന്നുവെങ്കിൽ പരിധിയുടെ ആകർഷണങ്ങളിൽ നിന്ന്, പരിധിയുള്ള കാര്യങ്ങളിൽ നിന്ന് ദൂരെയായി തീരും. പരിശ്രമത്തിൽ നിന്ന് രക്ഷപ്പെടും. വാക്കിന്റെ സേവനത്തിൽ വളരെ സമയം നൽകി സമയം സഫലമാക്കി സന്ദേശം നൽകി. ആത്മാക്കളെ സംബന്ധ സമ്പർക്കത്തിൽ കൊണ്ടുവന്നു, ഡ്രാമ അനുസരിച്ച് ഇതുവരെ എന്തു ചെയ്തുവോ അത് വളരെ നന്നായി ചെയ്തു. എന്നാൽ ഇപ്പോൾ ശബ്ദത്തിനോടൊപ്പം മനസാ സേവനത്തിന്റെ കൂടുതൽ ആവശ്യകതയാണ് ഉള്ളത്. ഈ മനസ്സ് സേവനം ഓരോ പുതിയ, പഴയ , മഹാരഥി, കുതിരസവാരിക്കാർ, കാലാൾ എല്ലാവർക്കും ചെയ്യാൻ സാധിക്കും. ഇതിൽ വലിയവർ ചെയ്യും ഞങ്ങൾ ചെറിയവരാണ്, ഞങ്ങൾ രോഗികളാണ്, ഞങ്ങൾക്ക് സാധനങ്ങൾ ഇല്ലാത്തവരാണ്.... യാതൊരു ആധാരവും ആവശ്യമില്ല. ഈ ചെറിയ ചെറിയ കുട്ടികൾക്കും ചെയ്യാൻ സാധിക്കും. കുട്ടികളെ മനസാ സേവനം ചെയ്യാൻ സാധിക്കില്ലേ? (ഹാം ജി) അതിനാൽ ഇപ്പോൾ വാചാ മനസാ സേവനത്തിന്റെ സന്തുലനം വയ്ക്കൂ. മനസാ സേവനത്തിലൂടെ ചെയ്യുന്നവരായ താങ്കൾക്ക് തന്നെയാണ് വളരെ പ്രയോജനം. എന്തുകൊണ്ട്? ഏത് ആത്മാവിന് മനസാ സേവനം അതായത് സങ്കൽപ്പത്തിലൂടെ ശക്തി നൽകുന്നുവോ , സകാശ് നൽകുന്നുവോ ആ ആത്മാവ് താങ്കൾക്ക് ആശിർവാദം നൽകുന്നു. താങ്കളുടെ കണക്കിൽ സ്വയത്തിന്റെ പുരുഷാർത്ഥം ഉണ്ട് എന്നാൽ ആശിർവാദങ്ങളുടെ കണക്കും ശേഖരണം ആകും. അപ്പോൾ താങ്കളുടെ സമ്പാദ്യത്തിന്റെ ശേഖരണം ഡബിൾ രീതിയിലൂടെ വർദ്ധിച്ചു കൊണ്ടിരിക്കും, അതിനാൽ പുതിയവർ ആകട്ടെ, പഴയവർ ആകട്ടെ എന്തെന്നാൽ ഇത്തവണ പുതിയവർ ധാരാളം വന്നിട്ടുണ്ടല്ലോ! ആദ്യമായി വന്നിട്ടുള്ള പുതിയവർ കൈ ഉയർത്തൂ. ആദ്യത്തെ തവണ വന്നിട്ടുള്ള കുട്ടികളോടും ബാപ്ദാദ ചോദിക്കുന്നു താങ്കൾ ആത്മാക്കൾക്ക് മനസാ സേവനം ചെയ്യാൻ സാധിക്കുമോ? (ബാപ്ദാദ പാണ്ഡവരോട്,മാതാക്കളോട്, ഓരോരുത്തരോടും വേറെ വേറെ ചോദിച്ചു താങ്കൾക്ക് മനസ്സാ സേവനം ചെയ്യാൻ സാധിക്കുമോ? ) വളരെ നന്നായി കൈ ഉയർത്തിയിരിക്കുന്നു ആരെങ്കിലും ടിവിയിലൂടെ കണ്ടു കേൾക്കുന്നുണ്ടാകും കേൾക്കുകയാണെങ്കിലും കേട്ടുകൊണ്ടിരിക്കുകയാണെങ്കിലും ഇപ്പോൾ ബാപ്ദാദ എല്ലാ കുട്ടികൾക്കും ഉത്തരവാദിത്വം നൽകുന്നു പതിവായി എല്ലാ ദിവസവും എത്ര മണിക്കൂർ മനസാ സേവനം യഥാർത്ഥ രീതിയിലൂടെ ചെയ്തുവോ അതിന്റെ ചാർട്ട് ഓരോരുത്തരും അവരവരുടെ കയ്യിൽ വയ്ക്കണം. പിന്നെ പെട്ടെന്ന് ബാപ്ദാദ ചാർട്ട് ചോദിക്കാം. തീയതി പറയുകയില്ല. അപ്രതീക്ഷിതമായി ചോദിക്കും, നോക്കാം ഉത്തരവാദിത്വത്തിന്റെ കിരീടം ധരിച്ചുവോ ഇളകിക്കൊണ്ടിരിക്കുന്നുവോ? ഉത്തരവാദിത്തത്തിന്റെ കിരീടം അണിയണ്ടേ! ടീച്ചർമാർ ഉത്തരവാദിത്വത്തിന്റെ കിരീടം ധരിച്ചിട്ടുണ്ടല്ലോ! ഇപ്പോൾ അതിൽ ഇത് കൂട്ടിച്ചേർക്കുക. ശരിയല്ലേ ! ഡബിൾ വിദേശികൾ കൈ ഉയർത്തു. ഈ ഉത്തരവാദിത്വത്തിന്റെ കിരീടം നന്നായി തോന്നുന്നുവെങ്കിൽ ഇങ്ങനെ കൈ ഉയർത്തു. ടീച്ചർമാരും കൈ ഉയർത്തു താങ്കളെ കണ്ടു എല്ലാവർക്കും പ്രേരണ ലഭിക്കും. അപ്പോൾ ചാർട്ട് വെക്കുമോ? നല്ലത്, ബാപ്ദാദ പെട്ടെന്ന് ഒരു ദിവസം ചോദിക്കും അവരവരുടെ ചേർത്ത് എഴുതി അയക്കൂ. പിന്നെ നോക്കാം എന്തെന്നാൽ വർത്തമാന സമയത്ത് വളരെ ആവശ്യകതയുണ്ട്. തന്റെ കുടുംബത്തിന്റെ ദു:ഖ പരവശതകൾ താങ്കൾക്ക് കാണാൻ സാധിക്കുമോ ! കാണാൻ കഴിയുമോ? ദു?ഖി ആത്മകൾക്ക് അഞ്ജലി നൽകൂ. താങ്കളുടെ ഗീതമാണ് ഒരു തുള്ളിക്കായി ദാഹിക്കുന്നവരാണ് ഞങ്ങൾ... ഇന്നത്തെ സമയത്ത് സുഖശാന്തിയുടെ ഒരു തുള്ളിക്ക് ആത്മാക്കൾ ദാഹിക്കുകയാണ്. ഒരു സുഖ ശാന്തിയുടെ അമൃതിന്റെ തുള്ളി ലഭിക്കുന്നതിലൂടെ പോലും സന്തോഷിക്കും. ബാപ്ദാദ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നു സമയം താങ്കളെ കാത്തിരിക്കുകയാണ്. അപ്പോൾ അല്ലയോ മാലാഖമാരെ ഇപ്പോൾ തന്റെ ഡബിൾ ലൈറ്റിലൂടെ കാത്തിരിപ്പിനെ സമാപ്തമാക്കൂ. എവർറെഡി എന്ന വാക്ക് എല്ലാവരും പറയുന്നുണ്ട് എന്നാൽ സമ്പന്നവും സമ്പൂർണ്ണവും ആകുന്നതിൽ എവർറെഡിയായിട്ടുണ്ടോ? കേവലം ശരീരം വെടിയുന്നതിന് എവർറെഡി ആകേണ്ട, എന്നാൽ ബാപ്സമാനമായി പോകുന്നതിൽ റെഡിയാകണം.

മധുബനിലെ എല്ലാവരും മുന്നിൽ മുന്നിൽ വന്നിരിക്കുന്നു നല്ലത് സേവനവും ചെയ്യുന്നു മധുബൻ നിവാസികൾ എവർ റെഡിയാണോ? ചിരിക്കുന്നു, നല്ലത് ആദ്യത്തെ വരിയിലുള്ളവർ മഹാരഥി എവർ

റെഡി ആണോ? ബാപ് സമാനമാകുന്നതിൽ എവർ റെഡി? ഇങ്ങനെ പോകുന്നുവെങ്കിൽ അഡ്വാൻസ് പാർട്ടിയിലേക്ക് പോകും. അഡ്വാൻസ് പാർട്ടിയിലുള്ളവർ ആഗ്രഹിക്കാതെ തന്നെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ശബ്ദത്തിന്റെയും മനസിന്റെയും സേവനത്തിന്റെ സന്തുലനത്തിൽ ബിസി ആകുന്നുവെങ്കിൽ ബ്ലെസ്സിംഗ് (ആശീർവ്വാദം) ധാരാളം ലഭിക്കും. ഡബിൾ സമ്പാദ്യം ശേഖരണം ആകും. പുരുഷാർത്ഥത്തിന്റെയും ആശിർവാദങ്ങളുടെയും. അപ്പോൾ സങ്കല്പത്തിലൂടെ, സംസാരത്തിലൂടെ, വാക്കിലൂടെ, കർമ്മത്തിലൂടെ, സംബന്ധ സമ്പർക്കത്തിലൂടെ ആശിർവാദങ്ങൾ നൽകു ആശിർവാദങ്ങൾ നേടു. ഒരേ ഒരു കാര്യം ചെയ്യൂ ആശിർവാദങ്ങൾ നൽകണം അത്രമാത്രം. ആരെങ്കിലും ശാപം നൽകുന്നുവെങ്കിൽ പോലും താങ്കൾ ആശിർവാദം നൽകു എന്തെന്നാൽ താങ്കൾ ആശിർവാദങ്ങളുടെ സാഗരത്തിന്റെ മക്കളാണ്. ആരെങ്കിലും നീരസത്തിൽ ആകട്ടെ താങ്കൾ നീരസത്തിൽ ആകരുത്. താങ്കൾ സംതൃപ്തൻ ആയിരിക്കു. ഇങ്ങനെ സാധിക്കുമോ? 100 പേർ താങ്കളെ നീരസത്തിൽ ആക്കട്ടെ, താങ്കൾ സംതൃപ്തനായിരിക്കു, സാധിക്കുമോ? സാധിക്കുമോ? രണ്ടാമത്തെ വരിയിൽ ഉള്ളവർ പറയൂ സാധിക്കുമോ? ഇനി ഇതിലും കൂടുതൽ നീരസത്തിൽ ആക്കും, നോക്കുക! പരീക്ഷ വരുമല്ലോ. മായയും കേട്ടുകൊണ്ടിരിക്കുകയാണല്ലോ! ഈ വ്രതം മാത്രം എടുക്കു, ദൃഢസങ്കല്പം എടുക്കൂ  എനിക്ക് ആശിർവാദങ്ങൾ നൽകണം എടുക്കണം അത്രമാത്രം . സാധിക്കുമോ? മായ നീരസത്തിൽപ്പെടുത്തുമല്ലോ! താങ്കൾ സംപ്രീതരാകുന്നവരല്ലേ? അപ്പോൾ ഒരേയൊരു ജോലി ചെയ്യൂ അത്രമാത്രം. നിരസപ്പെടരുത് നീരസത്തിൽ ആക്കരുത്. ചെയ്യുകയാണെങ്കിൽ അവർ ചെയ്യട്ടെ നാം ചെയ്യുന്നില്ല. നാം ചെയ്യുന്നുമില്ല ആകുന്നുമില്ല. ഓരോരുത്തരും അവരവരുടെ ഉത്തരവാദിത്വം എടുക്കൂ :മറ്റുള്ളവരെ നോക്കാതിരിക്കു, ഇവർ ചെയ്യുന്നുണ്ട്, ഇവർ ചെയ്യുന്നുണ്ട്, നാം സാക്ഷിയായി കളി കാണുന്നവരാണ്. കേവലം സംതൃപ്തിയുടെ കളി ആണോ കാണുക നീരസത്തിന്റെയും ഇടയ്ക്കിടെ കാണേണ്ടി വരുമല്ലോ. എന്നാൽ ഓരോരുത്തരും അവരവരെ സംപ്രീതനാക്കി വയ്ക്കണം.

മാതാക്കളെ, പാണ്ഡവരെ സാധിക്കുമോ? ബാപ്ദാദ ഭൂപടം നോക്കും. ബാപ്ദാദയുടെ അടുക്കൽ വളരെ വലിയ ടിവി ഉണ്ട് വളരെ വലുതാണ്. ഓരോരുത്തരെയും കാണാം. ഏത് സമയം ആര് എന്ത് ചെയ്തു കൊണ്ടിരിക്കുന്നു, ബാപ്ദാദ കാണുന്നു എന്നാൽ പറയുകയില്ല താങ്കളോട് കേൾപ്പിക്കുന്നില്ല. ബാക്കി നിറങ്ങൾ ധാരാളം കാണുന്നു. ഒളിച്ച് മറച്ച് എന്ത് ചെയ്യുന്നു അതും കാണുന്നു. കുട്ടികളിൽ സാമർത്ഥ്യവും വളരെയാണല്ലോ ! സമർത്ഥർ ധാരാളം ആണ്. അഥവാ ബാപ്ദാദ കുട്ടികളുടെ സാമർത്ഥ്യങ്ങൾ കേൾപ്പിക്കുകയാണെങ്കിൽ, കേൾക്കുമ്പോൾ തന്നെ താങ്കൾ അല്പം ചിന്തിച്ചു പോകും അതിനാൽ കേൾപ്പിക്കുന്നില്ല. താങ്കളെ ചിന്തയിൽ എന്തിന് വീഴ്ത്തണം. എന്നാൽ ചെയ്യുന്നത് വളരെ ചതുരതയോടെയാണ്. അഥവാ ഏറ്റവും സമർത്ഥ്യക്കാരെ കാണണമെങ്കിലും ബ്രാഹ്മണരിൽ നോക്കൂ. എന്നാൽ ഇപ്പോൾ എന്തിൽ സമർത്ഥരാകണം? മനസാ സേവനത്തിൽ.മുന്നിലെ നമ്പർ നേടിക്കോളൂ. പിറകിൽ ആകരുത്. ഇതിൽ ഒരു കാരണവുമില്ല. സമയം ലഭിക്കുന്നില്ല, അവസരം ലഭിക്കുന്നില്ല, ആരോഗ്യം നേരെയല്ല, ചോദിച്ചില്ല ഇതൊന്നും ഇല്ല. എല്ലാവർക്കും ചെയ്യാം. കുട്ടികൾ ഓട്ടമത്സരത്തിന്റെ കളി കളിച്ചിരുന്നല്ലോ ഇപ്പോൾ ഇതിൽ ഓടു. മനസാ സേവനത്തിൽ ഓടി മത്സരിക്കൂ. ശരി

കർണാടകയുടെ ടേൺ ആണ്  കർണാടകക്കാർ സേവനത്തിന് വന്നിട്ടുള്ളവർ എഴുന്നേൽക്കൂ. ഇത്രയും പേർ സേവനത്തിനായി വന്നിരിക്കുന്നു. നല്ലത് ഇതും സഹജമായ ശ്രേഷ്ഠ പുണ്യം ശേഖരിക്കുന്നതിനുള്ള സുവർണ്ണ അവസരം ലഭിച്ചിരിക്കുകയാണ്. ഭക്തിയിൽ പറയാറുണ്ട് ഒരു ബ്രാഹ്മണന്റെ സേവനം ചെയ്യൂ എങ്കിൽ വലിയ പുണ്യം ഉണ്ടാകും. ഇവിടെ എത്ര സത്യമായ ബ്രാഹ്മണരുടെ സേവനം ചെയ്യുന്നു. അപ്പോൾ ഇത് നല്ല അവസരം ലഭിച്ചിരിക്കുകയാണല്ലോ ! നല്ലതായി തോന്നുന്നുവോ അതോ ക്ഷീണിച്ചോ? ക്ഷീണിച്ചില്ലല്ലോ! ആനന്ദമല്ലേ ! അഥവാ സത്യമായ ഹൃദയത്തോടെ പുണ്യം മനസ്സിലാക്കി സേവനം ചെയ്യുന്നതെങ്കിൽ അതിന്റെ പ്രത്യക്ഷഫലമാണ് അവർക്ക് ക്ഷീണം ഉണ്ടാവുകയില്ല, സന്തോഷമുണ്ടാകും . ഈ പ്രത്യക്ഷ ഫലം പുണ്യത്തിന്റെ ശേഖരണത്തിന്റെ അനുഭവമാകുന്നു. അഥവാ അല്പം എങ്കിലും ഏതെങ്കിലും കാരണത്താൽ ക്ഷീണം ഉണ്ടാകുന്നു അഥവാ കുറേശ്ശെ തോന്നുന്നു എങ്കിൽ മനസ്സിലാക്കൂ സത്യമായി ഹൃദയത്തോടെയുള്ള സേവനം അല്ല. സേവനം അർത്ഥം പ്രത്യക്ഷ ഫലം പാകമായ പഴം. സേവനം ചെയ്യുകയല്ല പഴം കഴിക്കുകയാണ്. അപ്പോൾ കർണാടകക്കാരായ എല്ലാ സേവാധാരികളും തന്റെ നല്ല സേവനത്തിന്റെ പാർട്ട് അഭിനയിച്ചു സേവനത്തിന്റെ ഫലം കഴിച്ചു.

ശരി എല്ലാ ടീച്ചർമാരും സുഖമായിരിക്കുന്നു. ടീച്ചർമാർക്ക് എത്ര തവണ സീസണിന്റെ ടേൺ ലഭിക്കുന്നു. എന്നാൽ ഇങ്ങനെയാകരുത് മുഴുവൻ ദിവസവും ഇരുന്ന്  മനസ സേവനം ചെയ്തു കൊണ്ടിരിക്കുകയാണ് ആരെങ്കിലും കോഴ്സ് എടുക്കാൻ വരുകയാണെങ്കിലും താങ്കൾ പറയുന്നു ഇല്ല ഞാൻ മനസാ സേവനം ചെയ്തു കൊണ്ടിരിക്കുകയാണെന്ന്, എന്തെങ്കിലും കർമ്മയോഗത്തിന്റെ സമയം വരികയാണെങ്കിൽ

പറയുന്നു മനസാ സേവനം ചെയ്തു കൊണ്ടിരിക്കുകയാണ്, പാടില്ല സന്തുലനം വേണം. ചില ചിലർക്ക് കൂടുതൽ ലഹരി കയറുന്നുണ്ടല്ലോ! അപ്പോൾ ഇങ്ങനെ ലഹരി കയറാൻ പാടില്ല. സന്തുലനത്തിലൂടെയാണ് ആശിർവാദം. ശരി

ഇപ്പോൾ എല്ലാവരും ഒരു സെക്കൻഡിൽ മനസാ സേവനത്തിന്റെ അനുഭവം ചെയ്യൂ. ആത്മാക്കൾക്ക് ശാന്തിയുടെയും ശക്തിയുടെയും അഞ്ജലി നൽകു. ശരി. നാനാഭാഗത്തെയും സർവ്വ ശ്രേഷ്ഠ ആത്മീയതയുടെ അനുഭവം ചെയ്യിക്കുന്നവരായ ആത്മാക്കൾക്ക്, സങ്കല്പത്തിലും സ്വപ്നത്തിൽ പോലും പവിത്രതയുടെ പാഠം പഠിക്കുന്നവരായ ബ്രഹ്മാചാരി കുട്ടികൾക്ക് സർവ്വദൃഢ സങ്കല്പധാരി, മനസാ സേവാധാരി തീവ്രപുരുഷാർത്ഥി ആത്മാക്കൾക്ക്, സദാ ആശിർവാദങ്ങൾ നൽകുകയും നേടുകയും ചെയ്യുന്ന പുണ്യാത്മാക്കൾക്ക് ബാപ്ദാദയുടെ ദിലാരാമനായ ബാബയുടെ ഹൃദയവും പ്രാണനുമായ പ്രേമ സഹിതം സ്നേഹസ്മരണയും, നമസ്തേ.

(ദാദി ജി, ദാദിജാനകി ജിയുമായി വ്യക്തിപരമായ കൂടിക്കാഴ്ച)
ബാപ്ദാദ ത്രിമൂർത്തി ബ്രഹ്മാവിന്റെ ദൃശ്യം കാണിച്ചു. താങ്കൾ എല്ലാവരും കണ്ടോ? എന്തെന്നാൽ ബാപ് സമാനം ബാബയുടെ ഓരോ കാര്യത്തിലും കൂട്ടുകാർ ആണല്ലോ! അതിനാൽ ഈ ദൃശ്യം കാണിച്ചു. ബാപ്ദാദ താങ്കൾ രണ്ടുപേർക്കും വിശേഷ ശക്തികളുടെ വിൽ ചെയ്തിട്ടുണ്ട്. വിൽ പവറും നൽകി സർവ്വശക്തികളുടെയും വിൽ ചെയ്തു, അതിനാൽ ആ ശക്തികൾ അതിന്റെ കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. ചെയ്യിക്കുന്നയാൾ ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്, താങ്കൾ നിമിത്തമായി ചെയ്തുകൊണ്ടിരിക്കുന്നു. ആനന്ദം വരുന്നില്ലേ! ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ ബാബ ചെയ്യിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ചെയ്യിക്കുന്നയാൾ ചെയ്യിച്ചു കൊണ്ടിരിക്കുന്നു, താങ്കൾ നിശ്ചിന്തമായി ചെയ്തുകൊണ്ടിരിക്കുന്നു. ചിന്തയുണ്ടാകുന്നില്ലല്ലോ! നിശ്ചിന്ത ചക്രവർത്തി. ശരി ആരോഗ്യത്തിന്റെയും നോളജ് ഫുൾ. കുറേശ്ശെ കുറേശ്ശെ തട്ടലും മുട്ടലും ഉണ്ടാകുന്നു. ഇതിലും നോളേജ് ഫുൾ ആവുക തന്നെ വേണം,എന്തെന്നാൽ സേവനം ധാരാളം ചെയ്യണമല്ലോ. അപ്പോൾ ആരോഗ്യവും കൂട്ടുനിൽക്കുന്നു. അതിനാൽ ഡബിൾ നോളജ് ഫുൾ. ശരി ഓം ശാന്തി.

### **വരദാനം : ഈശ്വരിയ സംഗത്തിലിരുന്ന് തലകീഴായ സംഗത്തിന്റെ യുദ്ധത്തിൽ നിന്ന് രക്ഷപ്പെടുന്ന സദാ സത്സംഗിയായി ഭവിക്കട്ടെ.**

എങ്ങനെയുള്ള മോശമായ സംഗവും ആകട്ടെ എന്നാൽ താങ്കളുടെ ശ്രേഷ്ഠസംഗം അതിനുമുന്നിൽ പലമടങ്ങ് ശക്തിശാലിയാണ്. ഈശ്വരീയ സംഗത്തിന് മുന്നിൽ ആ സംഗം ഒന്നും തന്നെയല്ല. എല്ലാം ദുർബലമാണ്. എന്നാൽ സ്വയം ദുർബലമാകുന്നുവെങ്കിൽ തലകീഴായ സംഗത്തിന്റെ യുദ്ധമുണ്ടാകുന്നു. ആരാണോ സദാ ഒരു ബാബയുടെ സംഗത്തിൽ കഴിയുന്നത് അതായത് സദാ സത്സംഗികൾ, അവർ ഒരു സംഗത്തിന്റെയും നിറത്തിൽ പ്രഭാവിതമാവുകയില്ല. വ്യർത്ഥ കാര്യങ്ങൾ, വ്യർഥസംഗം അതായത് കുസംഗം അവരെ ആകർഷിക്കുകയില്ല.

### **സ്ലോഗൻ : തിന്മയെയും നന്മയിലേക്ക് പരിവർത്തനപ്പെടുത്തുന്നവർക്ക് തന്നെയാണ് പ്രസന്നചിത്തരായി ഇരിക്കാൻ സാധിക്കുക.**